പദ്ധതി, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, അകിടുവീക്കം നിയന്ത്രിക്കുന്നതിനുള്ള പരിപാടി തുടങ്ങിയവയിലൂടെ ക്ഷീരമേഖലയുടെ ഉന്നമനത്തിനായി പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) ക്ഷീരവികസന വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. കഴിഞ്ഞ 4 വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയിട്ടുണ്ട്.*

1. ജില്ലാ വെറ്ററിനറി കേന്ദ്ര വിപുലീകരണം;
2. വരദൂർ വെറ്ററിനറി ഡിസ്പെൻസറി കെട്ടിട നിർമ്മാണം.
3. കാട്ടിമൂല മൃഗാശുപത്രി കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം.

ഇതു കൂടാതെ പൂക്കോട് കേന്ദ്രമാക്കി ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിനും, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന നിധിയുടെ സഹായത്തോടെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയിൻകീഴിൽ ആധുനിക അറവുശാല അനുവദിക്കുന്നതിന് 10 കോടി രൂപയ്ക്ക് ആർ.ഐ.ഡി.എഫ്-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) വയനാട് ഹൈടെക് ഡയറി ഫാം ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ക്ഷീരഗംഗാ പദ്ധതി

134 (200) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന 'ക്ഷീരഗംഗ' പദ്ധതിയിൽ ക്ഷീരകർഷകർക്ക് സബ്സിഡിയായി എത്ര ശതമാനം തുക നൽകുന്നുണ്ട് ;

(ബി) സബ്സിഡി കഴിഞ്ഞുള്ള വായ്പ തുകയ്ക്ക് പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പലിശ നിരക്ക് കർഷകർക്ക് നൽകുന്ന മറ്റ് വായ്പാ പദ്ധതികൾക്ക് ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉയർന്ന പലിശ നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷീരഗംഗ പദ്ധതി പ്രകാരം 3 പശുവിനെയും 2 എരുമകളെയും വാങ്ങുന്നതിന് ധനസഹായമായി കർഷകർക്ക് 40 % സബ്സിഡി നൽകി വരുന്നു. ഈ പദ്ധതി പ്രകാരം ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2.50 ലക്ഷം രൂപയാണ് അടങ്കൽ തുക. 900 കർഷകർക്ക് ഒരു ലക്ഷം രൂപ നിരക്കിൽ 9 കോടി രൂപയുടെ സബ്സിഡി ലഭിക്കുന്നതാണ്.

(ബി) സബ്സിഡി കഴിഞ്ഞുള്ള വായ്പ തുകയ്ക്കുള്ള പലിശ അതാത് ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരമാണ് ഈടാക്കിവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൃഗസംരക്ഷണമേഖലയിലുള്ള പലിശ നിരക്ക് കാർഷിക മേഖലയിലുള്ള പലിശനിരക്കിന് തുല്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും ഉന്നയിച്ചിരുന്നു.

ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ

135 (201) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(ബി) സൊസൈറ്റികൾ അളന്നു കൊടുക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) കാലിത്തീറ്റയുടെ നികുതി എടുത്തുകളയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉല്പാദന ശേഷിയുള്ള ഏതൊക്കെ ഇനം പശുക്കളുടെ വ്യാപനമാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ക്ഷീരകർഷകർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ കീഴിൽ ആരംഭിച്ച ക്ഷീരകർഷക ക്ഷേമനിധിയിലൂടെ ക്ഷീരകർഷകർക്ക് പ്രതിമാസം 300 രൂപ പെൻഷനും 150 രൂപ കുടുംബ പെൻഷനും നൽകിവരുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും ആനുകൂല്യങ്ങൾ ലഭ്യമാകത്തക്കവിധത്തിൽ 'ക്ഷീരദീപം' പദ്ധതിയിൽ ഉൾപ്പെടുത്തി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 1,000 രൂപ വിവാഹ ധനസഹായവും, ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾ നിർവഹിക്കുന്നതിന് 1,000 രൂപയും, ക്ഷേമനിധി